**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

*നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *323* — *17.10.2016 ലെ മറുപടിക്ക്*

## ഗൾഫ് രാജ്യങ്ങളിൽ ഗാർഹിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സുരക്ഷ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വി. അൻവർ<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ<br>ശ്രീ. കെ. ജെ. മാക്സി<br>ശ്രീ. രാജു എബ്രഹാം | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഇ – മൈഗ്രേഷൻ മറികടന്നുകൊണ്ട് കേരളത്തിൽ നിന്നും ധാരാളം സ്ത്രീകളെ വീട്ടുജോലിക്കെന്ന പേരിൽ ട്രാവൽ ഏജൻസികളും മനുഷ്യക്കടത്തുകാരും ഗൾഫ് രാജ്യങ്ങളിൽ എത്തിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഇപ്രകാരമുള്ള ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ എത്തിപ്പെടുന്ന സ്ത്രീകളെ ശമ്പളമോ ഭക്ഷണമോ താമസ സൗകര്യങ്ങളോ നൽകാതെ ചൂഷണം ചെയ്യുന്നതായ വാർത്തകൾ ഗൗരവപൂർവ്വം പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) ഗൗരവപൂർവ്വം പരിശോധിച്ചുവരുന്നു. ഇത്തരം കേസുകൾ ശ്രദ്ധയിൽ പ്പെട്ടാൽ ഉടനടി കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ വകുപ്പുമായും വിദേശത്തുള്ള ഇന്ത്യൻ എംബസികളുമായും ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) ഗൾഫ് രാജ്യങ്ങളിൽ ഗാർഹിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തുമോയെന്ന് വിശദമാക്കുമോ? | (സി) ഗൾഫ് രാജ്യങ്ങളിൽ ഗാർഹിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നിലവിൽ എംബസികൾ, കേന്ദ്ര സർക്കാരിന്റെ വിദേശകാര്യ വകുപ്പ്, എമിഗ്രേഷൻ, കേന്ദ്ര അന്വേഷണ ഏജൻസികൾ എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഈ വിഷയത്തിലുള്ള തട്ടിപ്പുകൾ തടയുന്നതിനായി ഗവൺമെന്റ് ഓഫ് ഇന്ത്യ 18 ഇ. സി. ആർ. രാജ്യങ്ങളിലേക്ക് വീട്ടുജോലിക്കായി സ്ത്രീകളെ റിക്രൂട്ട് |

ചെയ്യുന്നതിനുള്ള അനുമതി 2016 ആഗസ്റ്റ് 2 ലെ Z.11025/126/2015 - Emig. നമ്പർ ഉത്തരവ് പ്രകാരം State Run Recruiting Agencies-നായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇതിനായി കേരളത്തിൽനിന്നും ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള ഏജൻസികൾ നോർക്ക റൂട്ട്സും ODEP ഉം മാത്രമാണ്. വിദേശത്ത് പോകുന്നതിനുമുൻപ് പ്രസ്തുത രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളെക്കുറിച്ചും ഗാർഹിക ജോലിക്കാർക്കുള്ള അവകാശങ്ങളെക്കുറിച്ചുമുള്ള വിശദമായ മാർഗ്ഗനിർദ്ദേശം, ട്രെയിനിംഗ് രൂപത്തിലും ലഘു ലേഖകൾ, പരസ്യം തുടങ്ങിയവയിലൂടെയും നൽകി വരുന്നു.

Shyla

സെക്ഷൻ ഓഫീസർ.